**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **12-12-2022 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ചു വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചിട്ടുണ്ട്.<br><br>ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച നൂതന സോഫ്റ്റ് വെയറായ Integrated Local Governance Management System (ILGMS) 04.04.2022 ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ - ഗവേണൻസ് പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ് വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാദ്ധ്യതകൾ സോഫ്റ്റ് വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സമ്പൂർണ്ണ ഗുണമേന്മ നയം നടപ്പിലാക്കികൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതി രഹിതമായും പൊതുജനങ്ങൾക്ക് നൽകി അവരുടെ സംതൃപ്തി ഉറപ്പുവരുത്തുന്ന മാതൃകാ സ്ഥാപനമായി നിലകൊള്ളുക എന്ന നയം മുൻനിർത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള പഞ്ചായത്തുകളുടെ ISO നിലവാരം നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാകാനുതകുന്ന വിധത്തിൽ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയ പരിധി, ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ തുടങ്ങിയ വിവരങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമമായും നിർവ്വഹിച്ച് ആയതിന്റെ പ്രയോജനം എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുതകുന്ന വിധത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ RTGS, PFMS തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ മുഖേന നടത്തുന്നതിനാൽ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കപ്പെടുകയും സേവന ദാതാക്കളുടെയും ഗുണഭോക്താക്കളുടെയും

| | | | |
|---|---|---|---|
| | | | അക്കൗണ്ടിലേക്ക് വേഗത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്താനും കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തനം കാര്യക്ഷമമാക്കാനും ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ